➪ *വ്യക്തിയുടെ ശരി അനേകം വ്യക്തികളുടെ ശരിയും ശരികേടുകളും കൊണ്ട് അളക്കപ്പെടുന്നു* ➪

# ഹാദിയ: മതം കുടുംബം സമൂഹം

ഒരു പ്രത്യേകതരം വിശ്വാസപ്രമാണങ്ങളും അതിൽ അധിഷ്ഠിതമായ ആചാരാനുഷ്ഠാനങ്ങളും പിന്തുടരുന്ന ഒരാൾ മറ്റൊരുതരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളെ മനസ്സിലാക്കി അത് ജീവിതചര്യയാക്കി മാറ്റാൻ തീരുമാനിക്കുന്ന സ്വാഭാവിക പ്രക്രിയയായി മതപരിവർത്തനത്തെ നമുക്ക് കാണാൻ കഴിയാതെ പോകുന്നത് എന്തുകൊണ്ടാണ്?

■ **ഹർഷാദ്**

*"Love recognizes no barriers. It jumps hurdles, leaps fences, penetrates walls to arrive at its destination full of hope." (മിശ്രവിവാഹിതരായ ദമ്പതികളെ ഒരുമിച്ച് ജീവിക്കാൻ വിട്ടുകൊണ്ട് അടുത്തിടെ വിധി പ്രസ്താവിക്കവെ ഹൈക്കോടതി ഉദ്ധരിച്ച അമേരിക്കൻ കവി മായാ ഏൻജലോയുടെ വരികൾ)*

വ്യക്തി എന്നത് സ്വീകരണങ്ങളും തിരസ്കരണങ്ങളും ഒരുപോലെ ഉൾച്ചേർന്ന ഒരു ഉടലാണ്. ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള സ്ഥാനാന്തരത്തിനിടയിൽ ഒന്ന് അഴിഞ്ഞുപോവുകയും മറ്റൊന്ന് അണിയപ്പെടുകയും ചെയ്യുന്ന പ്രക്രിയ എല്ലാ വ്യക്തികളിലും സംഭവിക്കുന്നുണ്ട്. ആദാനപ്രദാനങ്ങളിലൂടെ നിലനിന്നുപോരുന്ന ശരീരമാണ് ഓരോ സ്വകാര്യവ്യക്തിയും. സാമൂഹികമായിരിക്കുമ്പോൾ തന്നെ വ്യക്തി എന്നത് ഒരു സ്വതന്ത്ര സത്തയായി സമ്പർക്കബന്ധങ്ങളിൽ സഹവസിക്കുന്നു. അത് ഭവാവസ്ഥയിൽ ശൂന്യമായിരിക്കുകയും തെരഞ്ഞെടുക്കലുകളിലൂടെ സ്വത്വരൂപീകരണം നടത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ചിലത് എടുക്കുമ്പോൾ ചിലത് കൊടുക്കുകയും ചിലത് ഒഴിവാക്കുകയും ചെയ്യുന്ന പ്രക്രിയ എല്ലാ വ്യക്തികളിലും വളരെ സ്വാഭാവികമായി, സ്വതന്ത്രമായി നിലകൊള്ളുന്നു. സ്വേച്ഛയ്ക്കനുസരിച്ചുള്ള തികച്ചും സ്വകാര്യമായ ഈ തെരഞ്ഞെടുപ്പ് പ്രക്രിയ, പക്ഷെ പലപ്പോഴും ഒരു വ്യക്തിയുടെ ആന്തരമായ അതിരുകൾക്കുള്ളിൽ ഒതുങ്ങാതെ വരുന്നു. കുടുംബവും സമൂഹവും ഭരണകൂടവുമെല്ലാം ആ തെരഞ്ഞെടുക്കലിനെ അവരുടെ പക്ഷപാതങ്ങളിലൂടെ പരിശോധിക്കുന്നു, വിലയിരുത്തുന്നു, തടസ്സപ്പെടുത്തുന്നു. അതോടെ ഒരു വ്യക്തിയുടെ ശരി അനേകം വ്യക്തികളുടെ ശരിയും ശരികേടുകളും കൊണ്ട് അളക്കപ്പെടുന്നു. വ്യക്തിയുടെ സ്വീകരണം/തിരസ്കരണം അയാളുടെ മതത്തെ സംബന്ധിച്ചുള്ളതാണെങ്കിൽ അനേകരുടെ ഈ ഇടപെടൽ ഏറ്റവും കാലുഷ്യം നിറഞ്ഞതായി മാറുന്നു. 'അഖില' എന്ന 24 വയസ്സുള്ള യുവതി 'ഹാദിയ'യെ സ്വീകരിച്ചപ്പോഴും അതുതന്നെയാണ് സംഭവിക്കുന്നത്. ഒരുപാട് പേരുടെ താത്പര്യങ്ങൾ (ആകുലതകളും) അവളുടെ തീരുമാനത്തിന് മേൽ അധികാരപ്രയോഗം നടത്തുന്നു. കുടുംബത്തിന്റെ പിതൃ നിർവിശേഷമായ വൈകാരിക ഉത്കണ്ഠകൾ മുതൽ കോടതിയുടെ ജുഡീഷ്യൽ രക്ഷകർതൃത്വവും അവൾ ഊരിയതും അണിഞ്ഞതുമായ മതങ്ങളിലെ ലാഭക്കണ്ണുകാരും വരെ ഹാദിയ

യുടെ കർതൃത്വത്തിന്റെ നിഷേധകരായി. അവൾക്ക് അവളെ ആവിഷ്കരിക്കാൻ ഇവരെല്ലാം വിഘാതമായിത്തീർന്നതോടെ അവൾ തടവറയിലായി. ഭവനം അതിനുള്ളിൽ എപ്പോഴും ഒളിപ്പിച്ചിരിക്കുന്ന തടവറയുടെ സ്വരൂപം അവൾക്ക് മുന്നിൽ അനാവൃതമാക്കി.

അഭയത്തിനായി സ്നേഹത്തിന്റെ പേരിൽ മനുഷ്യർ സൃഷ്ടിച്ച എല്ലാ ഭവനത്തിലും ഭയത്തിന്റെ ഭർത്സനം അന്തർലീനമായിരിക്കുന്നുണ്ടെന്ന് ഇപ്പോൾ ഹാദിയ തിരിച്ചറിയുന്നുണ്ടാകാം. പിതൃകേന്ദ്രീകൃത സമൂഹങ്ങളിലെല്ലാം ഉള്ളതുപോലെ ഗൃഹനായകന്റെ ഹിതങ്ങൾക്കനുസരിച്ച് ചിട്ടപ്പെട്ടുവന്ന അലിഖ ചട്ടക്കൂടുകൾ തന്നെയാണ് ഹാദിയയുടെ വീടിനെയും ഭരിക്കുന്നതെന്ന് ഇപ്പോൾ അവൾ മനസ്സിലാക്കുന്നുണ്ടാകാം. അച്ഛൻ, അമ്മ, കുട്ടികൾ എന്നിവർ ഉൾച്ചേർന്ന സാമ്പ്രദായിക കുടുംബ വ്യവസ്ഥയിൽ ഉടലെടുക്കുന്ന അധികാരബന്ധങ്ങളിലെ അനീതി ഒരു വ്യക്തിയെ തടവറയ്ക്കുള്ളിലാക്കാൻ തക്ക ശക്തമാണെന്നാണ് ഹാദിയയുടെ വീട്ടുതടങ്കൽ ഓർമ്മിപ്പിക്കുന്നത്. കുടുംബാധിപന്റെ താത്പര്യങ്ങൾക്ക് എതിരുനിൽക്കുന്നവർ ഭവനഭ്രഷ്ടരാകേണ്ടി വരുമ്പോൾ, ജന്മഗൃഹം തന്നെ ജന്മാവകാശങ്ങളെ തടയുന്ന തടവറയാകുമ്പോൾ വ്യക്തിതാത്പര്യങ്ങൾ എങ്ങനെയാണ് പ്രകടിപ്പിക്കേണ്ടത് എന്ന മൗലികമായ ചോദ്യം ഹാദിയ വിഷയത്തിൽ നിന്നും ആവിർഭവിക്കുന്നുണ്ട്.

ആധുനിക കുടുംബ വ്യവസ്ഥയുടെ ആന്തരിക ഇടങ്ങളിലാണ് എല്ലാ സങ്കുചിതബോധങ്ങളും ഉടലെടുക്കുകയും ഉറയ്ക്കുകയും ചെയ്യുന്നത്. കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബം എന്ന് പറയാറുണ്ടെങ്കിലും വ്യക്തികളെ സംബന്ധിച്ച് കൂടുമ്പോൾ ഭംഗം ഉണ്ടാകുന്ന ഇടമായി മധ്യവർഗ്ഗ സ്വാർത്ഥതകൾ കുടുംബത്തെ പരിവർത്തിപ്പിച്ചു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും വ്യാകുലതകളാൽ കർതൃത്വം നഷ്ടപ്പെടുന്ന തരത്തിൽ ആരും ആരെയും അധികാരപ്പെടുത്താത്ത സാമൂഹിക-സ്നേഹ ബന്ധങ്ങൾ സാധ്യമാകേണ്ട അടിയന്തിര ആവശ്യത്തെക്കുറിച്ചാണ് ഹാദിയയുടെ തടങ്കൽ നമ്മളെ ഓർമ്മിപ്പിക്കുന്നത്. എന്നാൽ 'ലൗ ജിഹാദ്' പോലെയുള്ള ആസൂത്രിത നുണപ്രയോഗങ്ങളുടെ ആവരണം ചാർത്തി ഹാദിയയുടെ മതപരിവർത്തനത്തെ പ്രശ്നസങ്കീർണ്ണമാക്കാനുള്ള ഗൂഢശ്രമങ്ങൾ വ്യാപകമായതോടെ അവൾ ത്യജിച്ചതും വരിച്ചതുമായ മതവിഭാഗങ്ങളിലെ സങ്കുചിത സംഘങ്ങൾ (മതയാഥാസ്ഥിതികം എന്നതിനേക്കാൾ മതസങ്കുചിതം എന്നതാണ് അവർക്ക് അനുയോജ്യം) തമ്മിലുള്ള അപകടകരമായ സംഘർഷങ്ങൾക്ക് ഈ വിഷയം വഴിതുറന്നിരിക്കുകയാണ്.

മകളുടെ (മകൻമാർക്ക് അത്ര ബാധകമാകാറില്ല) തീരുമാനത്തിനോടുള്ള പിതാവിന്റെ എതിർപ്പ് കേരളത്തിൽ പലപ്പോഴും ഇത്തരം സംഭവങ്ങളിലുണ്ടാകാറുള്ളതുപോലെ ഒരു ഹേബിയസ് കോർപ്പസ് ഹർജിയായി കോടതിയിലെത്തുകയായിരുന്നെങ്കിലും വിവാഹം റദ്ദുചെയ്തതടക്കമുള്ള ഹൈക്കോടതിയുടെ അന്യായ ഇടപെടൽ യുവതിയുടെ തീരുമാനത്തിനൊപ്പം അവസാനിക്കുമായിരുന്ന സംഭവത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയായിരുന്നു. വിവാഹത്തെ സംബന്ധിച്ച അവസാന വാക്ക് ഹാദിയയുടേതായിരുന്നെങ്കിലും കോടതി അത് മാനിക്കാൻ തയ്യാറായില്ല. ഒരു ഹേബിയസ് കോർപ്പസ് ഹർജിയിൽ, ഇല്ലാത്ത അധികാരം ഉപയോഗിച്ചാണ് ഹൈക്കോടതി വിവാഹം റദ്ദുചെയ്തത് എന്നത് അതിഗുരുതരവും അസാധാരണവുമായ ഒരു അവകാശ നിഷേധം തന്നെയായിമാറി. പിതൃകേന്ദ്രീകൃത സമൂഹത്തിലെ കോടതിയും ഹാദിയ എന്ന 24 വയസ്സുള്ള സ്ത്രീയെ തീരുമാനങ്ങളെടുക്കാൻ ശേഷിയില്ലാത്ത ഒരു പെൺകുട്ടിയായി വിലയിരുത്തിക്കൊണ്ട്, അവളുടെ കർതൃത്വത്തെ നിഷേധിക്കുന്ന ആണധികാരിയായി മാറുകയായിരുന്നു എന്നാണ് ഈ ഇടപെടലിനെ മനസ്സിലാക്കേണ്ടത്. കോടതിയുടെ വിവേചനാധികാരമായി ന്യായീകരിക്കാൻ കഴിയുന്നതല്ല ഈ അവകാശലംഘനം. നീതിനടപ്പാക്കാൻ ബാദ്ധ്യസ്ഥമായ ജുഡീഷ്യൽ സംവിധാനത്തിന്റെ ഉള്ളിൽ നിന്നുതന്നെയുണ്ടായ നീതിനിഷേധമാണ് ഹാദിയയെ വീട്ടുതടങ്കലിലാക്കുന്നതിന് മുഖ്യ കാരണമായിത്തീർന്നിരിക്കുന്നത്.

പ്രായപൂർത്തിയാകാത്തവരുടെ (18 വയസ്സിൽ താഴെ) കാര്യത്തിൽ നടത്താറുള്ള സവിശേഷാധികാരമാണ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഈ കേസിൽ ഉപയോഗിച്ചിരിക്കുന്നത് (parens patriae jurisdiction). 18 വയസ്സ് പൂർത്തിയായ എല്ലാവർക്കും ലഭ്യമായ നിയമപരിരക്ഷയിൽ നിന്നും ഹാദിയ മാറ്റിനിർത്തപ്പെട്ടു. "weak and vulnerable girl capable of being exploited" എന്നാണ് കോടതി ഹാദിയയെ വിലയിരുത്തിയത്. അത്തരമൊരു നിഗമനത്തിൽ കോടതി എത്തിച്ചേർന്നതിന്റെ മനോനില നമ്മൾ സൂക്ഷ്മമായി പരിശോധിക്കണം. (കോടതിക്ക് മനോനില എന്ന ഒന്നുണ്ടോ?). പൊതുതാ

ത്പര്യത്തിന്റെ പേരിൽ സ്ത്രീകളുടെ മൗലികാവകാശം നിഷേധിക്കുന്ന തരത്തിലുള്ള വിധിന്യായങ്ങൾ ന്യായാധിപരിൽ നിന്നും ഉണ്ടാകുന്നു എന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. പിതാവിന്റെ സംരക്ഷണത്തിലാണ് ഇപ്പോൾ അവൾ നിൽക്കേണ്ടത് എന്ന് ഹാദിയയെ പരിഗണിക്കാതെ കോടതി തീരുമാനിക്കുമ്പോൾ, പിതാവും ന്യായാധിപരും അവിടെ പരസ്പരം അവരുടെ റോളുകൾ ഏകീകരിച്ച് പാട്രിയാർക്കിയുടെ പ്രയോക്താക്കളാവുകയാണ് ചെയ്യുന്നത്. അങ്ങനെ നോക്കുമ്പോൾ ഹാദിയയുടെ അച്ഛൻ അശോകന്റെ തീരുമാനത്തെ രൂപപ്പെടുത്തുന്ന വൈകാരിക സംഘർഷങ്ങളെ മനസ്സിലാക്കാൻ (അംഗീകരിക്കാനല്ല) കഴിയുമെങ്കിലും നീതിയുക്തമായ മാർഗ്ഗങ്ങളിലൂടെ ചരിച്ച് നിയമം നടപ്പിലാക്കേണ്ട കോടതി അശോകന്റെ വൈകാരികനിലയുമായി താതാദ്മ്യപ്പെടുന്നത് ഒട്ടും അഭികാമ്യമായ സ്ഥിതിവിശേഷമല്ല. ഇതാണ് ഹാദിയ വിഷയത്തിൽ വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട മറ്റൊരു കാര്യം.

**ഒരു പ്രത്യേകതരം വിശ്വാസപ്രമാണങ്ങളും അതിൽ അധിഷ്ഠിതമായ ആചാരാനുഷ്ഠാനങ്ങളും പിന്തുടരുന്ന ഒരാൾ മറ്റൊരുതരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളെ മനസ്സിലാക്കി അത് ജീവിതചര്യയാക്കി മാറ്റാൻ തീരുമാനിക്കുന്ന ഒരു സ്വാഭാവിക പ്രക്രിയയായി മതപരിവർത്തനത്തെ കാണാൻ കഴിയും വിധം എല്ലാ മതവിശ്വാസങ്ങളെയും മതാത്മകതയിൽ നിന്നും മുക്തമാക്കാൻ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ആലോചിക്കണം.**

കേസ് പരിഗണിക്കുന്നതിനിടയിലുണ്ടായ ഹാദിയയുടെ വിവാഹത്തിലെ അസ്വാഭാവികതകളാണ് ഇത്തരമൊരു അസാധാരണ തീരുമാനത്തിലേക്ക് കോടതിയെ എത്തിച്ചതെന്ന് ഈ കേസിനെക്കുറിച്ച് വിലയിരുത്തലുണ്ട്. ഹാദിയയെ അവളുടെ സ്വാതന്ത്ര്യത്തിന് വിട്ടുകൊണ്ടുതന്നെ (സ്വതന്ത്രമായി താമസിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട്) അവളുടെ വിവാഹത്തിലെ അസ്വാഭാവികതകൾ പരിശോധിക്കുകയായിരുന്നു കോടതി ചെയ്യേണ്ടിയിരുന്നത്. കോടതിക്ക് അത് നിഷ്പക്ഷമായി സാധ്യമാണെന്നിരിക്കെ (മറ്റ് ഏതൊരു സ്ഥാപനത്തേക്കാളും) ഹാദിയയെ പിതാവിനൊപ്പം അയച്ച ഹൈക്കോടതി നിലപാട് ആൺകോയ്മാ ബോധത്തിൽ നിന്നുണ്ടായ അവകാശ ലംഘനം തന്നെയായാണ് പരിഗണിക്കേണ്ടത്. ഹാദിയയുടെ സ്ഥാനത്ത് ഒരു പുരുഷനായിരുന്നെങ്കിൽ ഇതായിരുന്നില്ല സംഭവിക്കുന്നത് എന്ന് ചിന്തിച്ചാൽ മാത്രം മതി അത് വ്യക്തമാകാൻ. ആൺകോയ്മ നിലനിർത്തുന്നതിൽ കുടുംബവും കോടതിയും കൈകോർക്കുന്ന സവിശേഷ സാഹചര്യം ഹാദിയയുടെ കേസിലൂടെ ഇപ്പോൾ അനാവൃതമാക്കപ്പെട്ടെങ്കിലും കേരള സമൂഹത്തിൽ ആഴത്തിൽ വേരാഴ്ത്തിയിരിക്കുന്ന പുരുഷാധികാര ബോധത്തിന്റെ പ്രതിഫലനങ്ങളാണ് ഈ കോടതി ഇടപെടലിലും ദൃശ്യമാകുന്നത്. ഇസ്ലാംഭീതി എന്ന ആഗോളമായി വിതരണം ചെയ്യപ്പെടുന്ന മനോഭാവത്തിന്റെ വൈറസുകൾ കോടതിയേയും ബാധിച്ചിട്ടുണ്ടോ എന്നതും ഈ കേസിനെ മുൻനിർത്തി പരിശോധിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഹാദിയ കേസിൽ ഇപ്പോൾ നടക്കുന്ന മതവിദ്വേഷപരമായ വാഗ്വാദങ്ങളെ പടിക്ക് പുറത്തുനിർത്തുകയും മൗലികമായ ഇത്തരം പ്രശ്നങ്ങളിലേക്ക് സംവാദങ്ങളെ കൊണ്ടുവരുകയും ചെയ്യേണ്ടത് പ്രധാനമായിരിക്കുന്നു.

മതപരിവർത്തനമാണ് പ്രശ്നങ്ങളുടെ തുടക്കമെങ്കിലും അശോകന് ഹാദിയയുടെ തീരുമാനത്തിനൊപ്പം നിൽക്കാൻ കഴിയാതെ വരുകയും കോടതി വ്യവഹാരങ്ങളിലേക്ക് അദ്ദേഹത്തിന്റെ വൈകാരിക സംഘർഷം വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തതോടെയാണ് സങ്കുചിത താത്പര്യക്കാർക്ക് ഇടപെടാൻ അവസരമൊരുങ്ങുന്നത്. കേരളത്തിൽ ഒരിക്കൽ പ്രയോഗിച്ച് പരാജയപ്പെട്ട ലൗ ജിഹാദ് ക്യാമ്പയിന് വീണ്ടും തിരികൊളുത്താൻ സംഘപരിവാർ സംഘടനകൾക്ക് ഹാദിയ കേസ് വഴി തുറന്നുകൊടുത്തു. കേരളത്തിൽ വേരുറപ്പിക്കാൻ വർഗ്ഗീയധ്രുവീകരണത്തിലൂടെ ഹിന്ദുവോട്ടുകൾ ഏകീകരിക്കുക എന്ന പ്രഖ്യാപിത അജണ്ടയിൽ പ്രവർത്തിക്കുന്ന സംഘപരിവാറിന് താൻ ഒരായുധമായിത്തീരുമെന്ന് ഹാദിയ ഒരിക്കൽപ്പോലും കരുതിയിട്ടുണ്ടാവില്ല. കോടതിയാൽ അച്ഛനൊപ്പം അയയ്ക്കപ്പെട്ട ഹാദിയ അവളുടെ ഭാഗം വിശദീകരിക്കാൻ കഴിയാത്ത വിധം വീട്ടുതടങ്കലിലായതോടെ വസ്തുതാനിഗ്രഹത്തിനുള്ള വഴികൾ സംഘപരിവാറിന് അനായാസമായിത്തീർന്നു. ഇസ്ലാമോഫോബിയ സൃഷ്ടിക്കാനുതകുംവിധം പാകപ്പെടുത്തിയിട്ടുള്ള വാർപ്പുരൂപങ്ങൾക്കുള്ളിൽ വച്ച് ഹാദിയ കേസിൽ അവർ വിദ്വേഷത്തിന്റെ വിത്തുകൾ മുളപ്പിച്ചെടുത്തു. അതാണ് ഇപ്പോൾ കേരളത്തിലുടനീളം പടർന്നുകയറി

ക്കൊണ്ടിരിക്കുന്നത്.

മറുവശത്ത്, ഹാദിയയുടെ മതപരിവർത്തനത്തിലും വിവാഹത്തിലും പ്രതിസ്ഥാനത്ത് നിൽക്കുന്ന പോപ്പുലർ ഫ്രണ്ടും പ്രതിവർഗ്ഗീയതുടെ രൂപത്തിൽ സംഘപരിവാറിന് പ്രതിരോധം തീർക്കാൻ ശ്രമിക്കുന്നതോടെ ഹാദിയ വിഷയം അതിസങ്കീർണ്ണമായിത്തീർന്നു. ഇതുവഴി കേരള സമൂഹത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വിഘടനത്തെ മറികടക്കാൻ ഒരു ബഹുസ്വര സമൂഹം എന്ന നിലയിൽ മതമുള്ളവരും ഇല്ലാത്തവരും ഒരുമിച്ച് നിൽക്കേണ്ടത് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുകയാണ്. അത്തരത്തിലുള്ള ഒരുദ്യമം പരിഗണിക്കേണ്ടത് എന്തെല്ലാമാണ്?

ഒന്നാമതായി, ഹാദിയയുടെ വിഷയത്തിൽ അന്തർഭവിച്ചിരിക്കുന്ന പുരുഷാധികാര വ്യവസ്ഥയുടെ പ്രശ്നങ്ങൾ—കുടുംബത്തിന്റെയും ഭരണസംവിധാനത്തിന്റെയും നീതിന്യായവ്യവസ്ഥയുടെയും ഉള്ളിൽ അതെങ്ങനെ പ്രവർത്തിക്കുന്നു—കേരള സമൂഹത്തിന് മുന്നിൽ ഗൗരവമുള്ള ഒരു പ്രശ്നമായി അവതരിപ്പിക്കണം. പിതൃമേധാവിത്തക്രമത്തെ തകരാതെ സംരക്ഷിക്കാനുള്ള ബാധ്യതയിൽ മതങ്ങളും സ്റ്റേറ്റും എപ്പോഴും കൈകോർക്കുന്നുണ്ടെന്ന വസ്തുത പരിഗണിച്ചുകൊണ്ടു വേണം ഇതു ചെയ്യാൻ. ഒരു പ്രത്യേകതരം വിശ്വാസപ്രമാണങ്ങളും അതിൽ അധിഷ്ഠിതമായ ആചാരാനുഷ്ഠാനങ്ങളും പിന്തുടരുന്ന ഒരാൾ മറ്റൊരുതരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളെ മനസ്സിലാക്കി അത് ജീവിതചര്യയാക്കി മാറ്റാൻ തീരുമാനിക്കുന്ന ഒരു സ്വാഭാവിക പ്രക്രിയയായി മതപരിവർത്തനത്തെ കാണാൻ കഴിയും വിധം എല്ലാ മതവിശ്വാസങ്ങളെയും മതാത്മകതയിൽ നിന്നും മുക്തമാക്കാൻ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ആലോചിക്കണം. ഭൂരിപക്ഷ മതമൂല്യങ്ങളെ ആന്തരികവത്കരിച്ച സെകുലർ സ്റ്റേറ്റിനെയും അതിന്റെ ഉപകരണങ്ങളെയും (ഹാദിയയുടെ വീട്ടുതടങ്കലിന് കാവൽ നിൽക്കുന്ന പോലീസ് അടക്കം) തുറന്നുകാണിക്കുക. മനഃസ്ഥിതികൾ തമ്മിൽ വിനിമയം സാധ്യമല്ലാത്ത വിധം 'സ്നേഹം' (അതോ ഇമോഷണൽ ബ്ലാക്ക്മെയിലിംഗോ?) ഭരണം നടത്തുന്ന ഭവനാന്തരീക്ഷത്തിലേക്ക് ജനാധിപത്യത്തിന്റെ മൂല്യങ്ങൾ കൂടി കടത്തിവിടുക. വിനിമയസ്തംഭനമില്ലാതെ മനഃസ്ഥിതികൾക്ക് സ്വതന്ത്രമായി വിഹരിക്കാൻ കഴിയുന്ന ഇടമായി കുടുംബത്തെ മാറ്റുക. കുടുംബത്തിലെ അധികാരഘടന വ്യക്തിയുടെ ചിന്താസ്വാതന്ത്രത്തിന്റെ ശത്രുവായി മാറുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകേണ്ടതുണ്ട്.

പരമപ്രധാനമായ ഒരു കാര്യം മതവിദ്വേഷരാഷ്ട്രീയത്തിന്റെ ഇരയായി മാറുന്നതിൽ നിന്നും പ്രേമത്തെ മോചിപ്പിക്കുക എന്നതാണ്. (പ്രേമത്തിന് കണ്ണും മൂക്കും ഇല്ല എന്നത് അതിന്റെ ഹൃദയവിശാലതയെ സൂചിപ്പിക്കുന്ന അർത്ഥപൂർണ്ണമായ ഒരു പ്രയോഗമാണ്, പിന്നല്ലേ മതം!). ലൗ ജിഹാദ് പോലെ പ്രേമത്തെ പ്രതിസ്ഥാനത്താക്കുന്ന അപരവത്കരണനീക്കങ്ങളെ വേരോടെ മുറിച്ചുമാറ്റാൻ ഇനിയും വൈകരുത്. കേരളം പോലെ മതാന്തര പ്രേമബന്ധങ്ങളും വിവാഹങ്ങളും വ്യാപകമായി നടക്കുന്ന ഒരു സമൂഹത്തിൽ 'ലൗ ജിഹാദ്' ക്യാമ്പയിൻ ഉണ്ടാക്കുന്ന മുറിവ് വളരെ ഗുരുതരമാണ്.

എന്താണ് ലൗ ജിഹാദിന് പിന്നിലെ യാഥാർത്ഥ്യം? മതാന്തരപ്രണയബന്ധങ്ങൾ വംശീയാധിക്ഷേപത്തിനായി ഉപയോഗിക്കപ്പെടുന്ന ആസൂത്രിത നീക്കങ്ങൾ കേരളത്തിൽ പ്രബലമായത് 2009ൽ ലൗ ജിഹാദ് ക്യാമ്പയിൻ കടന്നുവരുന്നതോടെയാണ്. ഇസ്ലാംഭീതി പരത്തുന്നതിനായി ചില സംഘപരിവാർ ഗ്രൂപ്പുകൾ ബോധപൂർവ്വം സൃഷ്ടിച്ചെടുത്ത ക്യാമ്പയിനിൽ മുഖ്യധാരാ പത്രങ്ങളും കത്തോലിക്ക സഭയും നായരീഴവ സമുദായ സംഘടനകളും പോലീസും വരെ പങ്കാളികളായി. സോഷ്യൽ മീഡിയയിലൂടെ ചില സ്വതന്ത്ര മാധ്യമ പ്രവർത്തകർ നടത്തിയ ഫലപ്രദമായ ഇടപെടലാണ് ലൗ ജിഹാദ് കാമ്പയിന് പിന്നിലെ ഹിന്ദുത്വ സംഘടനകളുടെ പങ്ക് അന്ന് പുറത്തുകൊണ്ടുവന്നത് (ഹിന്ദുജാഗൃതി എന്ന വെബ്സൈറ്റിന്റെ ശ്രമങ്ങൾ). ലൗ ജിഹാദ് എന്ന് ആരോപിക്കപ്പെട്ട കേസ് പരിഗണിക്കവെ ഹൈക്കോടതി ലൗ ജിഹാദിനെക്കുറിച്ച് അന്വേഷിക്കാൻ സംസ്ഥാന പോലീസിനോട് ഉത്തരവിട്ടിരുന്നു. ലൗ ജിഹാദ് എന്ന ഒരു സംഭവം കേരളത്തിൽ ഇല്ല എന്നാണ് അന്വേഷണത്തെ തുടർന്ന് ഡി.ജി.പി ഹൈക്കോടതിക്ക് റിപ്പോർട്ട് നൽകിയത്. തുടർന്ന് പോലീസ് മനഃപൂർവ്വം കെട്ടിച്ചമച്ച കേസാണിത് എന്ന് പറഞ്ഞുകൊണ്ട് ജസ്റ്റിസ് എം. ശശിധരൻ തുടരന്വേഷണം സ്റ്റേ ചെയ്യുകയാണുണ്ടായത്. സമൂഹത്തിൽ മിശ്രവിവാഹം സാധാരണമായതിനാൽ അതൊരു കുറ്റമായി കാണാൻ കഴിയില്ല എന്നതായിരുന്നു കോടതി അന്ന് വിധിയിൽ പറഞ്ഞത്. ഇപ്പോൾ വീണ്ടും ശ്രുതിയുടെയും അനീസ് ഹമീദിന്റെയും കേസ് പരിഗണിക്കവെ, ശ്രുതിയെ അനീസിനൊപ്പം ജീവിക്കാൻ അനുവദിച്ചുകൊണ്ട് ഹൈക്കോടതി ലൗ ജിഹാദ് എന്ന ദുഷ്പ്രയോഗത്തിനെതിരെ ശക്തമായ ഭാഷയിൽ ഒരിക്കൽക്കൂടി സംസാരിച്ചിരിക്കുകയാണ്.



2009ൽ ലൗ ജിഹാദ് ക്യാമ്പയിൻ ഉയർന്നു വന്ന സാഹചര്യത്തിൽ നിന്നും ഇപ്പോൾ ഉണ്ടായിരിക്കുന്ന ഒരു പ്രധാനവ്യത്യാസം ഘർവാപസി എന്ന മറ്റൊരു പ്രയോഗം മറുവശത്തുണ്ടായിരിക്കുന്നു എന്നതാണ്. എന്നാൽ ഘർവാപസി കേവലം ഒരു ക്യാമ്പയിൻ മാത്രമല്ലെന്നും അത് വളരെ പരുഷമായ രൂപത്തിൽ നമ്മുടെ നാട്ടിൽ പ്രയോഗിക്കപ്പെടുന്നുണ്ടെന്നും ശ്രുതിയുടേത് അടക്കമുള്ള കേസുകളിലൂടെ കൂടുതൽ വ്യക്തമാക്കപ്പെടുന്നു. തൃപ്പൂണിത്തുറയിലെ ശിവശക്തി യോഗാ സെന്റർ എന്ന ഘർവാപസി 'പ്രയോഗ'കേന്ദ്രത്തെക്കുറിച്ച് അതിഗുരുതരമായ ആരോപണങ്ങളാണ് അവിടെ നിന്നും രക്ഷപെട്ട പെൺകുട്ടികൾ ഇപ്പോൾ കേരളീയരോട് പങ്കു വച്ചുകൊണ്ടിരിക്കുന്നത്. ഇതര മതക്കാരെ വിവാഹം കഴിച്ച പെൺകുട്ടികളെ തിരികെ ഹിന്ദു മതത്തിലേക്കെത്തിക്കുന്നതിനായി ശരീരിക പീഢനങ്ങൾ പോലും അവിടെ നടക്കുന്നതായി പെൺകുട്ടികൾ പറയുന്നു. സിറിയയിലേക്കും യമനിലേക്കും പോകാൻ പദ്ധതിയുണ്ടായിരുന്നതായി മാദ്ധ്യമങ്ങളോട് പറയാൻ ഈ യോഗാസെന്റർ പെൺകുട്ടികളെ നിർബന്ധിച്ചിരുന്നതായും അവർ വെളിപ്പെടുത്തുന്നു. ഇത്തരം ആരോപണങ്ങൾ വ്യാപകമായിട്ടും ഈ ഘർവാപസി കേന്ദ്രത്തെക്കുറിച്ചും അതിന് പിന്നിലെ മതസങ്കുചിത സംഘങ്ങളുടെ ഇടപെടലുകളെക്കുറിച്ചും ഫലപ്രദമായ അന്വേഷണമോ നടപടിയോ ഉണ്ടാകുന്നില്ല എന്നത് അപമാനകരമാണ്. അല്ലെങ്കിലും ഈ വിഷയങ്ങളിൽ പ്രബുദ്ധമായ ഒരു നിലപാട് ഇതേവരെ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഇടതുപക്ഷ സർക്കാരിന്റെ രാഷ്ട്രീയ ദൗർബല്യമാണ് വ്യക്തമാക്കുന്നത്. യാഥാസ്ഥിതിക പൊതുബോധത്തിന് അലോഹ്യമുണ്ടാക്കാത്ത വിധമുള്ള സർക്കാരിന്റെ ഈ ദുർബലനില വർഗ്ഗീയതയ്ക്ക് വളക്കൂറായി മാറുകയാണെന്ന് ഇടതുപക്ഷം തിരിച്ചറിയുന്നതായി തന്നെ തോന്നുന്നില്ല.

കേരളത്തിൽ ഏറെക്കുറെ പരിക്കേറ്റെങ്കിലും ലൗ ജിഹാദ് ക്യാമ്പയിനിനെ ഉത്തരേന്ത്യയിലേക്ക് പകർത്തുന്നതിനും കലാപങ്ങൾ സൃഷ്ടിക്കുന്നതിനും സംഘപരിവാറിന് കഴിഞ്ഞിരുന്നു. മുസഫർനഗർ കലാപത്തിന്റെ കാരണം തന്നെ ലൗ ജിഹാദ് ആരോപണമായിരുന്നല്ലോ. "നമ്മുടെ ഒരു പെൺകുട്ടിയെ അവർ വലയിൽ കുടുക്കിയാൽ അവരുടെ 100 പെൺകുട്ടികളെ നമ്മൾ വലയിലാക്കണം" – എന്ന് അന്ന് പ്രസംഗിച്ചു നടന്ന യോഗി ആദിത്യനാഥ് ഉത്തർപ്രദേശ് മുഖ്യമന്ത്രിയുമായി. അതാണ് ലൗ ജിഹാദിന്റെ തീവ്രത. ഈ വിഷച്ചെടിയെ (ലൗ ജിഹാദ്) വളരാൻ അനുവദിക്കാതിരിക്കുക എന്നത് വർഗ്ഗീയതയ്ക്കെതിരായ വളരെ സുപ്രധാനമായ ഒരു നീക്കമാണ്. മതാത്മകത കാരണം മതാന്തര പ്രണയബന്ധങ്ങളെ അംഗീകരിക്കാൻ സന്നദ്ധമാകാത്ത എല്ലാ വിശ്വാസസമൂഹവും (സെക്യുലറിസ്റ്റുകളും മോശമല്ല) തുറന്ന മനസ്സോടെ പ്രേമത്തിൽ നഞ്ചുകലക്കാനുള്ള ഈ നീക്കത്തെ ചെറുക്കണം. മതത്തിൽ ആളു കുറഞ്ഞാലോ കൂടിയാലോ ദൈവത്തിന് ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് വിശ്വാസികൾ തന്നെ തിരിച്ചറിഞ്ഞില്ലെങ്കിൽ മതവിശ്വാസികളിൽ ഭൂരിപക്ഷത്തെയും ഞങ്ങൾ പ്രതിനിധാനം ചെയ്യുന്നു എന്ന മൗഢ്യത്താൽ പ്രവർത്തിക്കുന്ന സംഘടനകൾ അരങ്ങുവാഴും. അവർ രാമനു വേണ്ടാത്ത ക്ഷേത്രം പണിയും, പ്രവാചകന് തോന്നാത്ത നിന്ദയ്ക്ക് ശിക്ഷവിധിക്കും, മതാനുഷ്ഠാനത്തിൽ നിന്നുള്ള വ്യക്തിയുടെ വ്യതിചലനങ്ങളെ ഒരു മഹാസംഭവമാക്കും. നമ്മുടെ വിശ്വാസം അവർക്ക് ആയുധമായി ത്തീരേണ്ടതുണ്ടോ? ഹാദിയയുടെ സ്വാതന്ത്ര്യത്തിനായി നിലകൊണ്ടുകൊണ്ട്, അവളുടെ തീരുമാനത്തെ മാനിച്ചുകൊണ്ട് ഇക്കാര്യങ്ങൾ കൂടി നമുക്കൊരുമിച്ച് ചർച്ച ചെയ്യാം. കേരളം ഈ സംവാദം അർഹിക്കുന്നുണ്ട്. അതുപോലെ, ഈ പ്രണയിതാക്കൾ ഒന്നിക്കുന്നതിലൂടെ രൂപപ്പെടുന്ന പുതിയ കുടുംബങ്ങളിൽ അവരുടെ സ്വാതന്ത്ര്യത്തെ നിഷേധിച്ച പുരുഷമേധാവിത്ത വ്യവസ്ഥയ്ക്ക് ഇനി സ്ഥാനമുണ്ടാകാതിരിക്കാനും നവദമ്പതിമാർ ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കാം.

കോടതി ഉദ്ധരിക്കാത്ത മായാ ഏൻജലോയുടെ ഒരു വരി കൂടി കുറിച്ച് നിർത്താം.

"Never make someone a priority
when all you are to them is an option." ■